വീക്ഷണം

# സാമ്പത്തിക മേഖലയിലെ തട്ടിപ്പുകൾ കണ്ടുപിടിക്കാൻ അധ്യാപകർക്ക് പരിശീലനം നൽകി അമൃത

കൊച്ചി:സാമ്പത്തിക രംഗത്തെ തട്ടിപ്പുകൾ കണ്ടെത്താൻ അധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആണ് അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാംപസിൽ പരിശീലന പരിപാടി സംഘടിപ്പിച്ചത്. അമൃത സ്കൂൾ ഓഫ് ആർട്സ്, ഹ്യുമാനിറ്റിസ് ആൻഡ് കൊമേഴ്സിലെ കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് വിഭാഗമാണ് പരിപാടി സംഘടിപ്പിച്ചത്. ലോകം മുഴുവൻ ഉപയോഗിക്കുന്ന സാമ്പത്തിക കണക്കുകളുടെ രീതികൾ, ഇന്ത്യയിൽ സാമ്പത്തിക കണക്കുകൾ തയ്യാറാക്കുന്ന രീതികൾ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരുന്നു. സാമ്പത്തിക തട്ടിപ്പുകൾ കണ്ടുപിടിക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളെക്കുറിച്ചും രീതികളെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു. ഇന്റർനാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാലയുടെ ഉദ്ഘാടനം ചാർട്ടേഡ് അക്കൗണ്ടന്റ് പി.ആർ ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു. ഡോ.യു.കൃഷ്ണകുമാർ, ഡോ.പി.ബാലസുബ്രഹ്മണ്യൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.